എൻ.ആർ.ഇ.പി. പ്രകാരം നടത്തിയ വികസന പ്രവർത്തനങ്ങൾ

614 [821] ശ്രീ: എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, സി. ടി. അഹമ്മദാലി:
,, കെ. പി. എ. മജീദ്:
,, പി. വി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.ഇ.പി. പ്രകാരം എത്ര കോടിയുടെ വികസന പ്രവർത്തനങ്ങൾ നടത്തി;

(ബി) അതിന്റെ ജില്ലതിരിച്ച കണക്ക് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കായി എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചു;

(ഡി) നടപ്പുസാമ്പത്തികവർഷം എത്ര വീടുകളുടെ നിർമ്മാണം ആരംഭിച്ചു?

ഉത്തരം

(എ) 1982 ഏപ്രിൽ മുതൽ 31-3-1986 വരെ എൻ.ആർ.ഇ.പി. പ്രകാരം സംസ്ഥാനത്ത് മൊത്തം 73.88 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി.

(ബി) ജില്ലതിരിച്ചുള്ള കണക്ക് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. *

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. സ്കീമുകളിൽപെടുത്തിയ റോഡുകൾ

615 [822] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. എന്നീ സ്കീമനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കിലോമീറ്റർ റോഡിന്റെ പണി തീർത്തിട്ടുണ്ട്;

(ബി) ഓരോ സ്കീമനുസരിച്ചും ചെയ്ത റോഡിന്റെ പണി ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ച് റോഡു പണിക്ക് കേന്ദ്ര ഗവൺമെന്റ് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്;

(ഡി) 1986-87-ൽ ആർ.എൽ.ഇ.ജി.പി. സ്കീമിനും എൻ.ആർ.ഇ.പി. സ്കീമിനും അലോട്ടുചെയ്ത തുക എത്രയാണ്?

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ, പാലക്കാട് ജില്ലകളൊഴികെ മറ്റു ജില്ലകളിൽ എൻ.ആർ.ഇ.പി. പ്രകാരം 2676.444 കി. മീറ്റർ റോഡും ആർ.എൽ.ഇ.ജി.പി. പ്രകാരം 759.117 കി. മീറ്റർ റോഡും പണി തീർന്നിട്ടുണ്ട്; ആലപ്പുഴ, പാലക്കാട് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളൊഴിച്ചുള്ള മറ്റു ജില്ലകളിലെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. * ആലപ്പുഴ, പാലക്കാട് ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) ആർ.എൽ.ഇ.ജി.പി. പദ്ധതിക്കുവേണ്ടി അനുവദിക്കുന്ന തുകയിൽ നിന്നും അംഗീകാരം ലഭിച്ച റോഡു പണികൾക്കു പണം ചെലവാക്കുകയാണ് പതിവ്. റോഡുപണിക്കു പ്രത്യേകമായി പണം അനുവദിക്കാറില്ല. 3795.61 ലക്ഷം രൂപയുടെ രണ്ടു റോഡു പ്രൊജക്റ്റുകൾക്കു ഇതുവരെ ആർ.എൽ.ഇ.ജി.പി. പ്രകാരം കേന്ദ്ര അനുമതി കിട്ടിയിട്ടുണ്ട്.

(ഡി) ആർ.എൽ.ഇ.ജി.പി. യ്ക്കു 1864 ലക്ഷം രൂപയും എൻ.ആർ.ഇ.പി ക്കു 866 ലക്ഷം രൂപയും അലോട്ടു ചെയ്തിട്ടുണ്ട്.

ആർ.എൽ.ഇ.ജി.പി. പരിപാടി

616 [825] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എൽ.ഇ.ജി.പി. പരിപാടി പ്രകാരം 1985–86–ൽ എത്ര തൊഴിൽ ദിനങ്ങളായിരുന്നു ലക്ഷ്യം;

(ബി) അതിൽ എത്ര കൈവരിച്ചു?

ഉത്തരം

(എ) 1985–86–ൽ ആർ.എൽ.ഇ.ജി.പി. ഇനത്തിൽ സംസ്ഥാനത്ത് മൊത്തം 79.84 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിയ്ക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

(ബി) അതിൽ മൊത്തം 77.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിയ്ക്കാൻ കഴിഞ്ഞു.

ഐ.ആർ.ഡി.പി. കുടുംബ സർവ്വെ

617 [826] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഐ.ആർ.ഡി.പി. ഉപഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം ലിസ്റ്റിൽ ഉൾപ്പെടാതെ വന്നിട്ടുള്ള അർഹരായ ഉപഭോക്താക്കളെ ഇനിയും ലിസ്റ്റിൽ ചേർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

തൽക്കാലം ലിസ്റ്റിൽ പുതിയ കുടുംബങ്ങളെ ചേർക്കുവാൻ ഉദ്ദേശിക്കുന്നില്ല.

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly